**യോഹന്നാന്റെ എഴുത്തുകളുടെ വിഷയം—ദിവ്യ ത്രിത്ത്വം അവനെത്തന്നെ നമ്മിലേക്ക് പകരുന്നു**

**I. യോഹന്നാന്റെ എഴുത്തുകളുടെ വിഷയം മുഴുവൻ പ്രപഞ്ചത്തിന്റെയും യാഥാർഥ്യവും, കേന്ദ്രവും, ഉള്ളടക്കവുമാണ്, അത് ത്രിയേക ദൈവത്തെ പൂർണമായും നിത്യതയോളവും ആവിഷ്കരിക്കുവാൻ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ദിവ്യരാക്കുവാൻ അവരുടെ ജീവനും ജീവസഹായവുമായി അവനെത്തന്നെ അവരിലേക്ക് പകരുവാൻ അവൻ ആഗ്രഹിക്കുന്നു എന്നാണ്; നമ്മുടെ യാഥാർഥ്യവും, കേന്ദ്രവും, ഉള്ളടക്കവും ഇതായിരിക്കണം**

**II. യോഹന്നാന്റെ എഴുത്തുകൾ ദിവ്യ നീക്കത്തിലും നമ്മുടെ അനുഭവത്തിലും ദിവ്യ ത്രിത്ത്വം അവനെത്തന്നെ നമ്മിലേക്ക് പകരുന്നതിനെ അനാവരണം ചെയ്യുന്നു**

- നമ്മുടെ ലക്ഷ്യമായ പിതാവിൽ എത്തിച്ചേരണമെങ്കിൽ, വഴിയായ പുത്രനിലൂടെ നാം അവനിൽ എത്തിച്ചേരണം
- യോഹ 14:7 മുതൽ 14 വരെയുള്ള വാക്യങ്ങൾ പുത്രനിൽ ദേഹരൂപമായ പിതാവ് വിശ്വാസികളുടെ ഇടയിൽ കാണപ്പെടുന്നു
- 15 മുതൽ 20 വരെയുള്ള വാക്യങ്ങൾ വിശ്വാസികളിൽ വാസം ചെയ്യുവാനായി പുത്രൻ ആത്മാവായി യാഥാർഥ്യവൽക്കരിക്കപ്പെടുന്നു
- പിതാവ് ലക്ഷ്യമായും, പുത്രൻ ദേഹരൂപമായും, ആത്മാവ് സാക്ഷാൽക്കാരമായും പാത്രമായ നമ്മിൽ ഉണ്ട്; ലക്ഷ്യവും ദേഹരൂപവും സാക്ഷാൽക്കാരവും മൺപാത്രങ്ങളായ നമ്മിലെ ശ്രേഷ്ഠമായ നിധിയാണ്
- യോഹ 14:21-ഉം, 23-ഉം തന്നെ സ്നേഹിക്കുന്നവന് പുത്രൻ അവനെത്തന്നെ വെളിവാക്കുകയും പുത്രനെ സ്നേഹിക്കുന്നവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുവാൻ പിതാവ് പുത്രനോടൊപ്പം വരുകയും ചെയ്യുന്നത് കാണിക്കുന്നു
  - ലക്ഷ്യമായ പിതാവ് ദേഹരൂപമായ യേശുവിലാണ്, ഈ ദേഹരൂപം അവന്റെ സാക്ഷാൽക്കാരമായ ആത്മാവിലാണ്, ഈ സാക്ഷാൽക്കാരം ഇപ്പോൾ നമ്മിലെല്ലാവരിലും വസിക്കുന്ന സാക്ഷാൽ ആത്മാവാണ്; എന്നാൽ നമ്മോടുള്ള കർത്താവായ യേശുവിന്റെ പ്രത്യക്ഷത അനുദിനവും മണിക്കൂറുതോറും നാം ആസ്വദിക്കുന്നുണ്ടോ എന്ന് നാം ചോദിക്കേണ്ടതുണ്ട്
  - നമ്മുടെ രക്ഷ ഒരു ലിഫ്റ്റല്ല, മറിച്ച് ഒരു "പടിക്കെട്ടാണ്", അതിൽനിന്ന് നമ്മെ ഒരിക്കലും നീക്കംചെയ്യുവാൻ കഴിയില്ല; നമ്മൾ ഈ പടിക്കെട്ടിന്റെ മുകൾ ഭാഗത്തിന്റെ അനുഗ്രഹം ആസ്വദിക്കാൻ നാം ആഗ്രഹിക്കുന്നു
  - പിതാവും പുത്രനും നമ്മോടുകൂടെ ഒരു വാസസ്ഥലം ഉണ്ടാക്കേണ്ടതിന്, നമ്മോടുള്ള പുത്രന്റെ പ്രത്യക്ഷതയിലേക്ക് നാം അത്യധികമായി കൊണ്ടുവരപ്പെടേണ്ടതുണ്ട്; കർത്താവിനെ സ്നേഹിച്ചുകൊണ്ട് നാം അവന്റെ രക്ഷയുടെ പടിക്കെട്ടിന്റെ മുകളിലേക്ക് പോകേണ്ടതുണ്ട്
  - അപ്പോൾ അവൻ അവനെത്തന്നെ നമുക്ക് വെളിപ്പെടുത്തുകയും, പിതാവും പുത്രനും നമ്മുടെ ആസ്വാദനത്തിനായി നമ്മോടുകൂടെ അവരുടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും
- യോഹ 16:13-15-ൽ വിശ്വാസികളിലേക്കുള്ള ദിവ്യ ത്രിത്വത്തിന്റെ ദിവ്യ പ്രസരണത്തെ വെളിപ്പെടുത്തിയിരിക്കുന്നു
  - ഈ പ്രസരണം വൈദ്യുത പ്രവാഹത്തിന്റെ പ്രസരണം പോലെയാണ്;
  - പിതാവിനുള്ളതെല്ലാം പുത്രന്റേതാകുന്നു
  - പുത്രനു ള്ളതെല്ലാം ആത്മാവ് സ്വീകരിക്കുന്നു
  - പുത്രനിൽ നിന്ന് ആത്മാവിന് ലഭിച്ചതെല്ലാം വിശ്വാസികളോട് പ്രഖ്യാപിക്കുന്നു
  - ഒടുവിൽ, ദിവ്യ ത്രിത്ത്വം അവനായിരിക്കുന്നതും അവനുള്ളതും എല്ലാം നമ്മുടേതാ കുന്നു

**യോഹന്നാൻ ശുശ്രൂഷിച്ച ക്രിസ്തു**

**III. നമ്മുടെ ത്രിഭാഗീയ ആളത്തത്തിലേക്ക് ജീവനായി ത്രിയേക ദൈവത്തെ പകരുന്നതിനുവേണ്ടി യോഹന്നാനാൽ ശുശ്രൂഷിക്കപ്പെട്ട ക്രിസ്തുവിനെ നാം കാണേണ്ടതുണ്ട്**

**ക്രിസ്തു**

- ജീവന്റെ സാക്ഷാൽ ഉറവിടവും ജീവജലനദിയായി ഒഴുകുന്ന നിത്യജീവനുമായ ദൈവമാണ്
- ദൈവത്തെ നിർവചിക്കുകയും വിശദീകരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന നിത്യനായ ലോഗോസ് ആണ്
- ദൈവത്തിന്റെ ഏകജാതനായ പുത്രനാണ്, അവൻ വചനത്താലും, ജീവനാലും, വെളിച്ചത്താലും, കൃപയാലും, യാഥാർഥ്യത്താലും ദൈവത്തെ പ്രഖ്യാപിച്ചു
- നിത്യജീവൻ, ദൈവത്തിന്റെ ദിവ്യവും സൃഷ്ടിക്കപ്പെടാത്തതുമായ ജീവൻ ആണ്
- ആത്മാവിന്റെ ദാതാവാണ്, അവൻ നമ്മിലേക്ക് എത്തിച്ചേരുന്ന ത്രിയേക ദൈവമാണ്
- ദൈവം നമ്മിലേക്ക് പകരപ്പെടേണ്ടതിന്, അവൻ മനുഷ്യപ്രകൃതത്തോടുകൂടിയ മനുഷ്യപുത്രനാണ്.
- ദൈവത്തിന്റെ കുഞ്ഞാടാണ്
- കുഞ്ഞാടെന്ന നിലയിൽ, നമ്മുടെ പാപങ്ങൾക്കുള്ള അനുനയമാണ്
- പിതാവിന്റെ അടുക്കൽ നമ്മുടെ കാര്യസ്ഥനാണ്
- അൽഫയും ഒമേഗയും ആണ്
- ഒന്നാമത്തവനും ഒടുക്കത്തവനും ആണ്
- ആദിയും (സകല കാര്യങ്ങളുടെയും ഉത്ഭവവും) അന്തവുമാണ് (സകല കാര്യങ്ങളുടെയും പരിണതിയും)
- ദൈവത്തിന്റെ സൃഷ്ടിയുടെ ആരംഭമാണ്
- സഭയെ ജീവനുള്ള ദൈവത്തിന്റെ ഭവനമാക്കുവാൻ അവൻ ജീവനുള്ളവനാണ്
- വിശുദ്ധനും സത്യവാനും ആണ്
- ആമേനും വിശ്വസ്തനും സത്യവാനുമായ സാക്ഷിയുമാണ്

- അങ്ങനെയുള്ള ക്രിസ്തു ശുശ്രൂഷിക്കപ്പെടുന്നതിലൂടെ, ദൈവമക്കൾ നിത്യജീവൻ ഉണ്ടായിരിക്കുവാനും, കർത്താവിൽ വസിച്ചുകൊണ്ടും വെളിച്ചത്തിൽ നടന്നുകൊണ്ടും നിത്യജീവന്റെ കൂട്ടായ്മയിൽ പങ്കുകൊള്ളുവാനും, അഭിഷേകത്താൽ ഉപദേശം ലഭിപ്പാനും, ദിവ്യവിത്തോടുകൂടിയ ദിവ്യജനനത്തിന്റെ ഗുണങ്ങൾ ആസ്വദിക്കുവാനും, നിലവിളക്കുകളായ യേശുവിന്റെ സാക്ഷ്യമാകുവാനും, ആദ്യഫലത്തോടുകൂടിയ വിളവെടുപ്പാകുവാനും, അവന്റെ മണവാട്ടിയാകുവാനും ഉളവാക്കപ്പെട്ടിരിക്കുന്നു
- ഒടുവിൽ മനുഷ്യനിലേക്കുള്ള ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക പരിണതിയെന്ന നിലയിൽ പുതിയ യെരുശലേം ആയിത്തീരും